**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4559** **29-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂരിലെ വനം വകുപ്പിന് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. A. K. Saseendran**<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിൽ വനം വകുപ്പിന് കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | നിലമ്പൂർ താലൂക്കിൽ വനം വകുപ്പിനു കീഴിൽ നിലമ്പൂർ നോർത്ത് ഡിവിഷനിൽ കനോലി-ചാലിയാർ ഇക്കോ ടൂറിസം കേന്ദ്രവും നിലമ്പൂർ സൗത്ത് ഡിവിഷനിൽ നെടുങ്കയം ഇക്കോ ടൂറിസം കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. |
| (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പോ ജില്ലാ ടൂറിസം വികസന കൗൺസിലോ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വനം വകുപ്പ് പെർമിസീവ് സാംഗ്ഷൻ അനുവദിക്കാറുണ്ടോ; ഇതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ ടൂറിസം വകുപ്പോ, ജില്ലാ ടൂറിസം വികസന കൗൺസിലോ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വനം വകുപ്പ് പെർമിസീവ് സാംഗ്ഷൻ അനുവദിക്കാറില്ല. നിലവിലുള്ള വനനിയമങ്ങൾക്കും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച അതാത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ എന്നിവയ്ക്ക് വിധേയമായിട്ടുമാണ് ഇക്കോ ടൂറിസം പ്രവർത്തിക്കുന്നത്. |
| (സി) | വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഏറെ ടൂറിസം സാദ്ധ്യതയുള്ളതും വകുപ്പിനു വരുമാനം ലഭിക്കാവുന്നതും ആയ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനു വനം വകുപ്പിനു സാധിക്കുമോ എന്ന് അറിയിക്കുമോ; മറ്റേതെങ്കിലും വകുപ്പുകൾ ഫണ്ട് അനുവദിക്കുന്ന പക്ഷം ആയതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് (ഡി.പി.ആർ.) വനം വകുപ്പ് അനുമതി നൽകുമോ; വ്യക്തമാക്കുമോ; | (സി) | വനം വകുപ്പിന്റെ നിലവിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ സന്ദർശകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും, പരിപാലനത്തിനുമായി 4406-01-800-91 ഇക്കോ ടൂറിസം (പ്ലാൻ) എന്ന ബഡ്ജറ്റ് ശീർഷകത്തിൽ തുക അനുവദിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം "ഇക്കോ ടൂറിസം- XXXIV-4406-01-800-91 " എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 500.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള വന നിയമങ്ങൾക്കും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച അതാത് ഡിവിഷനുകളുടെ വർക്കിംഗ് പ്ലാൻ/ മാനേജ്മെൻറ് പ്ലാൻ/ ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്ക് അനുസൃതമായി ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ടൂറിസം വകുപ്പിന്റെയോ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയോ തനത് |

| | | | |
|---|---|---|---|
| | | | ഫണ്ട് വനം വകുപ്പിനോ വനവികസന ഏജൻസികൾക്കോ ലഭ്യമാക്കാവുന്നതാണ്. |
| (ഡി) | നിലമ്പൂർ കനോലി പ്ലോട്ടിൽ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലമുൾപ്പെടുത്തിയുള്ള ഇക്കോ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായി കാരിയിംഗ് കപ്പാസിറ്റി പഠനം, കോസ്റ്റ് ബനഫിറ്റ് അനാലിസിസ് എന്നിവ നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കും എന്നതുൾപ്പടെയുള്ള വിശദമായ വിവരങ്ങൾ അറിയിക്കാമോ? | (ഡി) | നിലമ്പൂർ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോ-ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി ലിക്വിഡേറ്റ് ചെയ്യപ്പെട്ട KESWIL പ്രദേശം ഉൾപ്പെടുത്തി കാരീയിംഗ് കപ്പാസിറ്റി പഠനം, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവ നടത്തിയിട്ടുണ്ട്. KESWIL പ്രദേശവും കനോലി ഇക്കോ-ടൂറിസം കേന്ദ്രവും സമീപ പ്രദേശങ്ങളായതിനാൽ ഇതിനെ ഒന്നായി കണക്കാക്കി "കനോലി ഇക്കോ ടൂറിസം പ്രോജക്ട്" എന്ന പേരിൽ, 2019 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ച കനോലി പ്ലോട്ടിലേയ്ക്കുള്ള തൂക്കുപാലത്തിന്റെ പുനരുദ്ധാരണം കൂടി ഉൾപ്പെടുത്തിയ പദ്ധതി രൂപരേഖ അംഗീകരിച്ച് ആയതിന് 1.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ കനോലി തൂക്കുപാലത്തിന്റെ പുനരുദ്ധാരണത്തിന് 1.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൂക്കുപാലം പുനർനിർമ്മിക്കുന്നതിനായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സർക്കാർ അംഗീകൃത ഏജൻസിയായ SILK-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാതയുടെ നിർമ്മാണം, കഫറ്റീരിയ, എൻട്രി & എക്സിറ്റ് ഗേറ്റ്, ബട്ടർഫ്ളൈ ഗാർഡൻ തുടങ്ങിയവയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ